**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1063** **12.07.2016 ൽ മറുപടിയ്ക്ക്**

## നെൽവയൽ തണ്ണീർ തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു കൃഷി വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (എ) ഡാറ്റാ ബാങ്കിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം തരം മാറ്റുന്നതിന് കർശനനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി തരം മാറ്റുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാർ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന പ്രകാരം നടപടിയെടുക്കുന്നതിനായി റവന്യൂ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുവരുന്നുണ്ട്. ഡേറ്റാ ബാങ്ക് ഇതു വരെ പ്രസിദ്ധീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആയത് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഉപഗ്രഹ ചിത്രങ്ങളുടെയും , ആധുനിക വിവര സാങ്കേതികവിദ്യകളുടേയും സഹായത്തോടെ കുറ്റമറ്റ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.<br>2008-ലെ ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്തുകളിൽ 10 സെന്റും മുനിലിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 5 സെന്റും സ്വന്തം താമസത്തിനുമാത്രമായി തരം മാറ്റുന്നതിനുള്ള അനുമതി മാത്രമാണിപ്പോൾ കൊടുത്തുവരുന്നത്. ഇത് പ്രാദേശികതല നിരീക്ഷണസമിതിയുടെ സ്ഥലപരിശോധനയ്ക്കുശേഷം ജില്ലാതല |

സമിതിയുടെ അനുമതിയോടുകൂടി മാത്രമാണ് അനുവദിക്കുന്നത്. കൃഷി യോഗ്യമായ തരിശിട്ട നെൽവയലുകളിൽ നെൽകൃഷി ചെയ്യുന്നതിന് കൃഷിഭവനുകൾ മുഖേന പ്രോത്സാഹനവും ധനസഹായവും അനുവദിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**